LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യയന മാധ്യമം മാതൃഭാഷയിൽ നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്.

(ബി) മാതൃഭാഷയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്ത് ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നതോടൊപ്പം പ്രീ പ്രൈമറി, പ്രൈമറി തലത്തിലെങ്കിലും അദ്ധ്യയനം നിർബന്ധമായും മാതൃഭാഷയിലാക്കുന്ന കാര്യം പരിശോധിക്കുമോ?

എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ പ്രീ-സ്കൂൾ പാഠ്യപദ്ധതി സമീപനത്തിൽ അദ്ധ്യായന മാധ്യമം മാതൃഭാഷയിലായിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രൈമറിതലത്തിലും അദ്ധ്യയന മാധ്യമം മാതൃഭാഷയിലായിരിക്കണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്.

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മാതൃഭാഷാ പഠനം നിർബന്ധമാക്കാൻ നിർദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

2017-ലെ മലയാളഭാഷ പഠന ആക്ട് പ്രകാരം കേരള സംസ്ഥാനത്ത് പ്രീ-പ്രൈമറി തലംമുതൽ ഹയർ സെക്കന്ററിതലം വരെ മാതൃഭാഷയായ മലയാളപഠനം നിർബന്ധമാക്കിയിട്ടുണ്ട്. മലയാളഭാഷാ പഠന ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകൾ ഉൾപ്പെടെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാ പഠനം നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് സ്കൂൾ തല പരിശോധനകൾ നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

എച്ച്.എസ്.എസ്.ടി. തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം

182(4192) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എച്ച്.എസ്.എസ്.ടി. തസ്തികയിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം പി.എസ്.സി.-യെ ചുമതലപ്പെടുത്തി ഉത്തരവിറക്കിയിരുന്നോ; ഇപ്രകാരം ഉത്തരവ് ഇറക്കാനുള്ള സാഹചര്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1-12-2015-ലെ സ.ഉ.(കൈ) നമ്പർ 296/2015/പൊ.വി.വ.. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.എസ്.റ്റി./എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലേയ്ക്കുള്ള 25% തസ്തികമാറ്റ ഒഴിവുകളിലേയ്ക്കുള്ള ബൈ ട്രാൻസ്ഫർ നിയമനം 70:20:5:5 എന്ന അനുപാതത്തിൽ എച്ച്.എസ്.എ, യു.പി.എസ്.എ./ എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിലേയ്ക്കായി നിജപ്പെടുത്തുകയും പ്രസ്തുത നിയമനം

LIBRARY ARCHIVES Kerala Legislative Assembly

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക് താൽപര്യം കണക്കിലെടുത്ത് ബൈ ട്രാൻസ്ഫർ നിയമനം സീനിയോരിറ്റി അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന നടത്തുന്നതിന് 30-1-2021-ലെ സ.ഉ (അച്ചടി)നമ്പർ 2/2021/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അടിസ്ഥാനമാക്കി പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എച്ച്.എസ്.എ., യു.പി.എസ്.എ./ എൽ.പി.എസ്.എ., മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർ സെക്കണ്ടറി വിഭാഗം), ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽനിന്നും ഓൺലൈനായി എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിലേയ്ക്കുള്ള തസ്തികമാറ്റ നിയമനങ്ങൾക്കായി അപേക്ഷ ക്ഷണിക്കുകയും പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ്, മോഡിഫൈഡ് പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ OA (EKM) 41/2016 നമ്പർ കേസിന്മേലുള്ള 1-2-2021-ലെ ബഹു.കോടതി ഉത്തരവിൽ 1-12-2015 ലെ സ.ഉ(കൈ) നമ്പർ 296/2015/ പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് കോടതി set aside ചെയ്തിട്ടുണ്ട്.

ഉച്ചഭക്ഷണവിതരണത്തിലെ ക്രമക്കേട്

183(4193) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തിരിപ്പാല ജി.വി.എച്ച്.എച്ച്.എസ്.-ൽ 2013-2019 കാലയളവിൽ ഉച്ചഭക്ഷണ വിതരണ പദ്ധതിയിൽ പാൽ, അരി എന്നിവയുടെ വിതരണത്തിലെ ക്രമക്കേട് സംബന്ധിച്ച് ജില്ലാവിദ്യാഭ്യാസ ഓഫീസർ, പാലക്കാട് ജില്ലാപഞ്ചായത്ത്, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ ഓഡിറ്റ് വിഭാഗം മുതലായവരുടെ റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

പത്തിരിപ്പാല ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2013-2019 കാലയളവിലെ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ചുമതലയുണ്ടായിരുന്ന അദ്ധ്യാപകന് വേലവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2013-2018 കാലയളവിൽ ടി സ്കൂളിൽ സേവനത്തിൽ ഉണ്ടായിരുന്ന പ്രധാന അദ്ധ്യാപകർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട്.